# ശവപ്പിഴ (കഥ)

യാസർ അറഫാത്ത്

പ്രഭാതം

വാതിലിൽ മുട്ടുകേൾക്കുന്നു.

തബലവാദകന്റെ വിരലൊച്ചകൾ പോലെ ഹൃദ്യമായ താളം.

ഉറക്കമുണരുന്നു.

മടിയേതുമില്ലാതെ കട്ടിലിൽ നിന്നെഴുന്നേൽക്കുന്നു.

വാതിൽ തുറക്കുന്നു.

“സുപ്രഭാതം സാർ..”

മൃദുലമായ സ്വരത്തിൽ അഭിവാദനം. കേൾക്കുന്ന മാത്രയിൽ തന്നെ കൺപീലികളിൽ ശേഷിച്ച ഉറക്കച്ചടവ് പൂർണ മായും മാഞ്ഞുപോകുന്നു.

കുളിര്

പൂക്കളുടെ വിടർന്ന ചിരി

പരിമളം...

“ഇന്നത്തെ ചിലവിന് ഇത്രയും പോരേ സാർ...”

“മതി”

നീട്ടിയ തുക എണ്ണിനോക്കുക പോലും ചെയ്യാതെ പോക്കറ്റിലിടുന്നു. ശബ്ദം അകന്നകന്ന് പോകുന്നത് നോക്കി നിൽക്കുന്നു.

എല്ലാ ദിവസവും ഇയാൾ വരുന്നുണ്ട്. തനിക്കുള്ള ചിലവിനുള്ളത് തന്നേച്ചു പോവുന്നു.

ആഹാ..ജീവിതം എത്ര മനോഹരം.

ജോലിക്കു പോയി ശരീരം കേടുവരുത്തേണ്ട. വെയിലേറ്റു വിയർക്കേണ്ടതില്ല. മേലധികാരികളുടെയോ മുതലാളിമാരു ടെയോ പരുക്കൻ ശാസന കേൾക്കേണ്ട. ഇത്രയും മനോഹരമായ ജീവിതം സ്വപ്നങ്ങളിൽ മാത്രം.

ഹൊ

പിറകിലെ മാംസളതയിൽ കൊതുകിന്റെ സൂചിക്കാലുകൾ...പൊടുന്നനെ സ്വപ്നങ്ങളിൽ നിന്ന് ഞെട്ടിയുണരുന്നു. സുന്ദരമായ സങ്കൽപങ്ങൾ പോലും വിലക്കപ്പെട്ട ലോകം.

അലക്സാണ്ടർ ചുറ്റുപാടുകളെക്കുറിച്ച് ബോധവാനായി. മേശപ്പുറത്ത് ഇനിയും പൂർത്തിയായിട്ടില്ലാത്ത കവിത..

*നടക്കുന്ന വഴിയിൽ നിറയെ*

*ജന്തുക്കളുടെ കാഷ്ഠങ്ങളാണ്*

*പട്ടികൾ*

*പശുക്കൾ*

*പക്ഷികൾ തുടങ്ങിയവ*

*സമയസ്ഥലങ്ങളെ മാനിക്കാതെ*

*ഉപേക്ഷിച്ചുപോയവ*

കവിതയെഴുത്ത് തുടങ്ങിയിട്ട് ഏറെ നേരമായി. ഇതുവരെ പൂർത്തിയായിട്ടില്ല. പദങ്ങൾ ഒഴുകിവരാൻ മടിക്കുകയാണ്. അലക്സാണ്ടറിന് നിരാശയുണ്ടായി.

ജീവിതത്തിലാദ്യമായി ഒരു അഭിമുഖപ്പരീക്ഷയിൽ പങ്കെടുക്കാൻ പോയതിനെക്കുറിച്ച് അലക്സാണ്ടറിന് ഓർമ വന്നു. കടം വാങ്ങിയ ഷർട്ട്, പാകമില്ലാത്ത ഷൂ. പൗഡറിട്ട് മിനുക്കിയ ശരീരം. ചുമലിൽ നിറയെ പ്രതീക്ഷകൾ. ആത്മവിശ്വാസത്തിന്റെ ലഹരി.

വീട്ടിൽ നിന്ന് ഇടവഴിയിലേക്ക് തിരിയുന്നതേ ഉള്ളൂ. ഏതോ പട്ടികൾ  ഉപേക്ഷിച്ചു പോയ അഴുക്കുപർവതം ശ്രദ്ധയിൽ പെട്ടില്ല. അഭിമുഖപ്പരീക്ഷയെക്കുറിച്ചുള്ള സങ്കൽപങ്ങളായിരുന്നു മനസ്സിലും ശിരസ്സിലും.

മാർദവമുള്ള മലയിൽ കാലമർന്നതും ശരീരമൊന്നാകെ ഉലഞ്ഞു. ഓക്കാനം വന്നു. പാകമല്ലാത്ത ഷൂസിന്റെ വിടവുകളിലേക്ക് അപ്പി കയറി.

നാറ്റം

ജുഗുപ്സ...

നനക്കാൻ പാടില്ലാത്ത ഷൂ വെള്ളമൊഴിച്ച് വൃത്തിയാക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. വിലകുറഞ്ഞ വസ്തുവാകയാൽ വെള്ളമേറ്റ് അതിന്റെ ഒരു ഭാഗം അടർന്നു. ഷർട്ടിൽ ചുളിവുകൾ വീണു. എല്ലാം ഒരു വിധം അഡ്ജസ്റ്റു ചെയ്ത് വീണ്ടും അഭിമുഖപ്പരീക്ഷക്ക് തയാറെടുക്കവേ ധൃതികൂട്ടിയ സമയം കണക്കുകൂട്ടലിനെയെല്ലാം തെറ്റിച്ചു.

അതിൽ പിന്നീട് ജീവിതത്തിലെ ഒരു പരീക്ഷയും വിജയിച്ചില്ല. എല്ലാ അഭിമുഖങ്ങളും തോൽക്കാൻ മാത്രമുള്ളതായി.

ഒരിക്കൽ ഒരു വിവാഹപ്പാർട്ടിയിൽ പങ്കെടുക്കാൻ പുറപ്പെടുകയായിരുന്നു. നാളിതുവരെ ഒറ്റ കല്യാണത്തിനും ഇത്ര തിടുക്കം കാണിച്ചിട്ടില്ല. എത്ര അടുപ്പമുള്ളവരായാലും ഇത്തരം ചടങ്ങുകളിൽ പങ്കെടുക്കാറില്ലായിരുന്നു. ഇതു പക്ഷേ..

മാസങ്ങൾക്കു മുന്നേ ഒരുക്കങ്ങൾ തുടങ്ങിയതാണ്. കൂലിപ്പണി ചെയ്ത് വിലകൂടിയ ഷർട്ടും പാന്റും വാങ്ങിച്ചു. മുന്തിയ സുഗന്ധം പുരട്ടി. ഒന്നാന്തരം ഷൂ ധരിച്ചു. ഒരു യുദ്ധത്തിനു പോകും മട്ടിൽ മനസ്സിനെ കനപ്പെടുത്തി.

അലക്കിത്തേച്ചു പോയത് ഒരു നിലക്കും തന്നെ ബാധിച്ചിട്ടില്ലെന്ന് അവൾ അറിയണം. തന്റെ കൂസലില്ലായ്മ കണ്ട് കതിർമണ്ഡപത്തിൽ വച്ച് അവൾക്ക് സംഭ്രമം വരണം. നെഞ്ച് കിടുങ്ങണം...

ശരിക്കും മനശ്ശാസ്ത്രപരമായ യുദ്ധം...

നല്ല മഴയുണ്ടായിരുന്നു.

നിരത്തിൽ ജലം,

മരങ്ങളിൽ ജലം.

വാനിൽ ജലം

മുഷിഞ്ഞ നിരത്തിലൂടെ ഒരു യോദ്ധാവിനെപ്പോലെ നടന്നു. നനഞ്ഞ കുടകൾ ചക്രവർത്തിയുടെ എടുപ്പും മട്ടും കണ്ട് സ്തംഭിച്ചു.

ബസ് സ്റ്റാൻഡിൽ കാലെടുത്തു വച്ചതേ ഉള്ളൂ. തറയിൽ ഇത്രയും സൗമ്യത പ്രതീക്ഷിച്ചില്ല. പച്ചച്ചാണകത്തിൽ കാൽവഴുക്കി. മലർന്നടിച്ചുള്ള വീഴ്ച സ്റ്റാൻഡിന്റെ കോണുകളിൽ നിന്ന് പുഞ്ചിരികൾ സൃഷ്ടിച്ചു. പുഞ്ചിരികൾ മഴയുടെ ഒച്ചയെയും തോൽപിച്ചു കളഞ്ഞു.

ചളിയും ചാണകവും പുരണ്ട വസ്ത്രം തന്റെ ആകൃതി തന്നെ മാറ്റി.

*ചാണകം മുടക്കിയ വഴികൾ* എന്ന പേരിൽ ഒരു കവിതയെഴുതാൻ തനിക്കു മുമ്പിലെത്ര സന്ദർഭങ്ങൾ. ലോകം കീഴടക്കിയ ആളുടെ നാമം തനിക്കൊരു ഭാരം തന്നെയാണ്. അയാളുടെ ധൈര്യമോ കരുത്തോ തന്നിലൊട്ടില്ലതാനും.

*തൊട്ടതെല്ലാം പിഴവുകളമ്മേ*

*കൂട്ടുകൂടാൻ വന്നവരൊക്കെ*

*പട്ടിയെ നോക്കുന്ന പോലെൻ നേർക്കു*

*ദൃഷ്ടികളയക്കുന്നതായറിയുന്നു...*

പൊടുന്നനെ അലക്സാണ്ടറിന്റെ മനസ്സിലേക്ക് നാലു വരികൾ ഇരമ്പിക്കയറി. കടലാസിലേക്ക് അതിനെ പകർത്തിവച്ചു. താളമുക്തമായ വരികൾക്കൊപ്പം ചേർക്കാൻ കഴിയാത്തതാണ് അതെന്നതിനാൽ മറുപുറത്തായാണ് കുറിച്ചുവച്ചത്.

ജനലിലൂടെ ആ നേരം കാറ്റു വരികയും മേശപ്പുറത്തെ കടലാസിനെ ഊതിപ്പറപ്പിക്കുകയും ചെയ്തു. അരിശത്തോടെ കടലാസെടുക്കാൻ കസേരയിൽ നിന്നിറങ്ങിയപ്പോഴാണ് ദൂരെ നിന്നും ഏതാനും കുടകൾ നീങ്ങിവരുന്നത് കണ്ടത്. മുഖങ്ങൾ വ്യക്തമായിരുന്നില്ല. പാടവരമ്പിൽ നിന്ന് മരങ്ങൾക്കിടയിലെ ചവിട്ടുവഴിയിലേക്ക് അവ കയറിക്കഴിഞ്ഞിരുന്നു.

ആരാണ് മുന്നറിയിപ്പുകളില്ലാതെ ഇവിടേക്ക് വരുന്നത്...? വിരുന്നുകാർക്ക് വരാനാണെങ്കിൽ ഈ പരിസരത്തെങ്ങും മറ്റു വീടുകളില്ല. തനിക്കാകട്ടെ മുൻകൂട്ടി അറിയിക്കാതെ വരുന്നവരുമില്ല.

ചവിട്ടുവഴിയിലേക്ക് തന്നെ നോക്കിയിരുന്നു. അടുത്തെത്തുന്തോറും മുഖങ്ങൾ കുടകളേക്കാൾ വലുതായി വന്നു. രണ്ടു സ്ത്രീകളും രണ്ടു പുരുഷൻമാരും. മുന്നിലെ ആളുടെ കയ്യിൽ കടലാസുകെട്ടുകൾ...

പൊടുന്നനെ അലക്സാണ്ടറിന്റെ അടിവയറ്റിലൂടെ മിന്നൽപ്പിണർ പാഞ്ഞു. നിൽക്കാനോ ഇരിക്കാനോ കഴിയാത്ത അവസ്ഥ. അണ്ണാക്കിലെ ജലസേചന സംവിധാനമെല്ലാം തകരാറിലായതു പോലെ.

കൂട്ടത്തിലെ ചുവന്ന സാരിയുടുത്ത സ്ത്രീ...സ്ത്രീ...

മനശ്ശാസ്ത്രപരമായ യുദ്ധം...

യുദ്ധം.

അലക്സാണ്ടർ ചക്രവർത്തി നിന്നു വിയർത്തു.

‘‘ആരോഗ്യ വകുപ്പിൽ നിന്നാണ്’’ മുന്നിൽ നടന്ന ആൾ പടികയറുന്നതിനിടെ വിളിച്ചു പറഞ്ഞു.

കുടചൂടിയിട്ടും എല്ലാവരുടെയും മുഖത്ത് വിയർപ്പുണ്ടായിരുന്നു.

ചുവന്ന സാരി തന്നെ തിരിച്ചറിഞ്ഞിട്ടില്ലെന്ന് വിശ്വസിക്കാൻ അലക്സാണ്ടറിന് പ്രയാസമുണ്ടായി. പരിചയത്തിന്റെ ലാഞ്ഛനയൊട്ടും പക്ഷേ, അതിൽ തെളിയുന്നുമില്ല.

വയറിനുള്ളിൽ വായു പെരുകി.

ആരോഗ്യവകുപ്പിലെ ജീവനക്കാർ ഒന്നും പറയാതെ പുരക്കു ചുറ്റും നടന്നു. അലക്സാണ്ടറിന്റെ കണ്ണുകൾ ശലഭങ്ങളെ പോലെ ചുവന്ന സാരിയ്ക്കു ചുറ്റും വലം വച്ചു. പ്രസവം കഴിഞ്ഞിട്ടും ഉടയാത്ത വടിവ്.

‘‘നാടു മുഴുവൻ പകർച്ച വ്യാധികളാണ്...’’ കടലാസു കെട്ടുകൾ കൈയ്യിലേന്തിയ ആളുടെ സ്വരം അലക്സാണ്ടർ കേട്ടില്ല.

‘‘കൊതുകുവളർത്തൽ കേന്ദ്രങ്ങൾക്കെല്ലാം നോട്ടീസ് കൊടുത്തു കൊണ്ടിരിക്കയാണ്...’’

പൊടുന്നനെ സ്ത്രീകൾ മൂക്കുപൊത്തി.

“എന്തൊരു നാറ്റമാണിത്...”

അലക്സാണ്ടർ പൊടുന്നനെ ഉണർന്നു. എവിടെ മണം? ഇവിടെ കെട്ടുനാറാൻ ഒന്നുമില്ലല്ലോ. ജന്തുക്കളുടെ അവശിഷ്ടങ്ങളോ ചെളികെട്ടിക്കിടക്കുകയോ ഒന്നുമില്ലല്ലോ...

ഒന്നുമില്ലല്ലോ..

“ഒന്നു വൃത്തിയാക്കരുതോ..”

സ്ത്രീകളുടെ ചോദ്യത്തിന് മറുപടി പറയാനുണ്ടായിരുന്നിട്ടും അലക്സാണ്ടറിന് അത് കഴിഞ്ഞില്ല.

“നാടുനീളെ രോഗങ്ങളാണ്”

ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥൻ പൊടുന്നനെ വരാന്തയിലേക്ക് കയറി. കടലാസുകെട്ടുകൾക്കിടയിൽ നിന്ന് രശീതുപുസ്തകം പുറത്തെടുത്തു. പിന്നെ കൂടെയുള്ളവരെ വിളിപ്പിച്ച് എന്തൊക്കെയോ പതുങ്ങിയ സ്വരത്തിൽ സംസാരിച്ചു. രശീതുപുസ്തകം വരാന്തയുടെ തിണ്ണയിൽ നിവർത്തി വച്ച് എഴുതി.

“നിങ്ങൾക്കുള്ള പിഴ”

“പിഴയോ...എന്തിന്?”

“വൃത്തിഹീനം...എതിർപ്പു വല്ലതുമുണ്ടെങ്കിൽ ആപ്പീസിൽ വന്ന് ഇൻസ്പെക്ടറെ ബോധിപ്പിക്കാം.”

ചുവന്ന സാരിയുടെ ചുണ്ടിൽ നിന്ന് പരിഹാസത്തിന്റെ ചുവയുള്ള ചിരി പൊട്ടി. ആ ചിരി മതിയായിരുന്നു അലക്സാണ്ടറിന്റെ സാമ്രാജ്യങ്ങളെയെല്ലാം തരിപ്പണമാക്കാൻ. അധികമെന്തെങ്കിലും പറയാൻ കഴിയും മുമ്പേ കുടകൾ വെയിലിലേക്ക് ഇറങ്ങിക്കഴിഞ്ഞിരുന്നു.

കാലടികൾ അകന്നുപോകുന്നതും നോക്കി വരാന്തയിൽ തന്നെ നിന്നു. ചോദ്യചിഹ്നങ്ങളുടെ പുളിപ്പു രസം ക്രമേണ നാവിൽ തികട്ടി വന്നു.

ചവിട്ടടിപ്പാതയിൽ നിന്ന് കുടകൾ വയൽപ്പരപ്പിലേക്ക് ഇറങ്ങിക്കഴിഞ്ഞിരുന്നു.

അലക്സാണ്ടർ കൈയ്യിലെ രശീതു കടലാസിലേക്കു നോക്കി. പൂജ്യങ്ങളുടെ പെരുപ്പം കണ്ട് കണ്ണിൽ ഇരുട്ടുകയറി. ജനിച്ചതിനു ശേഷം ഇത്രയും തുക ഒരുമിച്ചു കണ്ടിട്ടില്ല. അക്ഷരങ്ങളിലും രേഖപ്പെടുത്തിയിരുന്നതിനാൽ പിഴസംഖ്യ എഴുതിയതിൽ വന്ന പിഴവല്ലെന്ന് ഉറപ്പായി.

എന്നാലും എന്തിനാണ് പിഴയൊടുക്കേണ്ടത്?

അതു ചോദിക്കാമായിരുന്നു.

ആവശ്യം വരുമ്പോൾ ഉപയോഗിക്കാൻ മറക്കുന്ന സാധനമാണ് നാവ്.

വീടിനു ചുറ്റും നടന്നു നോക്കി. ചെത്തിമിനുക്കിയ മുറ്റം. ചപ്പു ചവറുകൾ കാണാനേ ഇല്ല. വീടിനോടു ചേർന്നുള്ള പടർപ്പുകളെല്ലാം വെട്ടിവെടുപ്പാക്കിയിട്ടുണ്ട്. കൊതുകുകൾക്കോ ക്ഷുദ്രകീടങ്ങൾക്കോ പെറ്റുപെരുകാനുള്ള സാഹചര്യമില്ല.

അലക്സാണ്ടർ രശീതിയിലേക്കു തന്നെ നോക്കിയിരുന്നു പോയി. നോട്ടം കടലാസിനെ ചൂഴ്ന്നിറങ്ങി. തല പെരുകി.

ഹെൽത്ത് ഇൻസ്പെക്ടറെ കാണാനുള്ള ഒരു മാർഗം മാത്രം അവശേഷിക്കുന്നുണ്ട്. പക്ഷേ, ഇത്തരമൊരവസ്ഥയിൽ ഒറ്റക്ക് പോകാനുള്ള ധൈര്യം അവശേഷിക്കുന്നില്ല.

കഥയെഴുത്തുകാരനായ പന്നി രാജനെയാണ് പെട്ടെന്ന് ഓർമ വന്നത്. രാജനുമായുള്ള അടുപ്പം പോലെ മറ്റൊരാളുമായിട്ടും തനിക്കൊരു ബന്ധമില്ല. അവനാകുമ്പോൾ ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യാൻ വലിയ താൽപര്യവുമാണ്.

എല്ലാത്തിലും മൂക്കുകുത്തി മണത്തു നോക്കുന്നതു കൊണ്ടാണ് പന്നിയെന്ന പേരു വീണത്. എവിടെയും ചെന്ന് ഇട പെടും. കോലഹലമുണ്ടാക്കും .വേണമെങ്കിൽ ഒരു ലഹളക്കും തയ്യാർ.

''കഥാകൃത്തുക്കളാവുമ്പോ സാമൂഹ്യജീവിതത്തിൽ ശരിക്കും എടപെടണം...അപ്പഴേ നല്ല കഥകളെഴ്താൻ പറ്റൂ.. ''.

പന്നിയുടെ ആപ്തവാക്യമാണിത്.

''ഫ...ഇതെന്താ വെള്ളരിക്കാ പട്ടണമോ...''

പന്നി രാജൻ എന്ന പി.രാജൻ രോഷം കൊണ്ടു തിളച്ചു.

''മ്മക്കിതൊന്ന് ചോദിക്കണല്ലോ...''

പിറ്റേന്ന് രാവിലെ ആരോഗ്യ വകുപ്പിന്റെ കാര്യാലയത്തിലേക്ക് പോകാൻ തീരുമാനമായി.

ഹൈവേ റോഡിൽ നിന്ന് കുറേ നടക്കാനുണ്ട്. വാഹനങ്ങൾക്ക് എത്തിപ്പെടാൻ കഴിയില്ല. നടന്നേ പറ്റൂ.

''സർക്കാരാപ്പീസ്കളൊക്കെ ഇമ്മാതിരി ഗുദാമിലാണ് കൊണ്ടുപോയി വക്കുക..മനുഷ്യമ്മാരൊന്നും എത്തിപ്പെടേണ്ട എന്നു കർതീട്ടാവും. ''

പ്രധാന കവലയിൽ നിന്ന് ഉള്ളിലോട്ട് കയറി. നടക്കാൻ പോലും പ്രയാസകരമെന്നു തോന്നിക്കുന്ന വഴി. മഴവെള്ളം കുത്തിയൊലിച്ചുണ്ടായ കിടങ്ങുകൾ. അലസമായി പതിഞ്ഞു കിടക്കുന്ന പരുക്കൻ കല്ലുകൾ. വഴിയുടെ ഇരുവശവു മായി കുത്തനെ നിൽക്കുന്ന മരങ്ങൾ.

കുടിക്കാൻ വെള്ളം കരുതാമായിരുന്നു. അലക്സാണ്ടർ ഓർത്തു.

''ഭരണകൂട വിരുദ്ധത എന്റെ കഥകളുടെയൊരു പ്രത്യേകതയാണ്...തനിക്കറിയാമല്ലോ...''

പന്നി രാജൻ ഇടക്കെപ്പോഴോ തന്റെ കഥകളിലേക്ക് തിരിഞ്ഞു. ഇദ്ദേഹത്തിന്റെയൊരു പ്രത്യേകതയാണിത്. സ്വന്തം കഥ കളെക്കുറിച്ച് വാ തോരാതെ സംസാരിക്കും. മറ്റുള്ളവരുടെ കഥകളോട് വലിയ മതിപ്പുമില്ല.

കഥാ ചർച്ചക്കുള്ള സമയമല്ലെന്ന് പറയാൻ നാവ് തരിച്ചെങ്കിലും അലക്സാണ്ടർ നിയന്ത്രിച്ചു. പിണങ്ങിയാൽ മൂപ്പർ പിന്തിരിഞ്ഞു കളയാൻ സാധ്യതയുണ്ട്. ഏതു സമയത്തും കാലാവസ്ഥ മാറുന്ന വ്യക്തിത്വമാണ് അത്.

''തനിക്കു തോന്നുന്നുണ്ടോ പുതിയ കാലത്തെ കഥയെഴ്ത്തുകാര് പരത്തിപ്പറയുന്നവരാണെന്ന്..? ''

പന്നി കഥയിൽ തന്നെ മണപ്പിച്ച് നടക്കാനാണ് ഭാവം. എന്തെങ്കിലും മിണ്ടിപ്പറഞ്ഞില്ലെങ്കിൽ അലോഹ്യമാവുമെന്നു കരുതി അലക്സാണ്ടർ നാവനക്കി.

''അതില് ചെല വാസ്തവമൊക്കെ ഇല്ലാതില്ല.. ''

''എന്നാ എന്റെ കഥ തന്നെയെടുക്ക്...അതിലെവിടാണ് പരത്തിപ്പറഞ്ഞിരിക്കുന്നത്? ചെത്തിക്കൂർപ്പിച്ച ഭാഷയോടാണ് എനിക്ക് താൽപര്യം. ''

''താങ്കളെയല്ല ഞാനുദ്ദേശിച്ചത്..പൊതുവിൽ പറഞ്ഞതാ.. ''

കുറച്ചു ദൂരം കൂടെ മുന്നോട്ടുപോയപ്പോൾ ചെങ്കുത്തായ കയറ്റം കണ്ടു. പി.ആർ അലക്സാണ്ടറിന്റെ മുഖത്തേക്കും കയറ്റത്തിലേക്കും മാറിമാറി നോക്കി.

''കുറച്ച് ഇരുന്നേച്ച് പോയാലോ?''

പടർന്നു പന്തലിച്ച മരത്തിന്റെ തണലിൽ രണ്ടുപേരും ഇരുന്നു.

മരത്തണലിൽ നല്ല തണുപ്പുണ്ടായിരുന്നു. ഇടക്കിടെ ചില്ലയിൽ നിന്ന് തുള്ളികൾ ഇറ്റി.

കഥാകൃത്ത് സിഗരറ്റെടുത്ത് കത്തിച്ചു. രണ്ടു കവിൾ പുക മേലോട്ടു തുപ്പിയയകറ്റി.

''പുതിയ പിള്ളേർക്ക് ഈ അനുഭവത്തിന്റെയൊര് പ്രശ്നണ്ട്...പിന്നെ വായന പറ്റ കമ്മിയാണ്..ഞാനൊക്കെ വായിക്കണ മാതിരി ഇപ്പത്തെ കാലത്ത് ആര് വായിക്കാനാ.. ''

അതും പറഞ്ഞ് അയാൾ കുറച്ചു നേരത്തേക്ക് ചുണ്ട് പൂട്ടി. പിന്നെ അലക്സാണ്ടറിനു നേരെ കുസൃതിയോടെ നോക്കി.

''അതേയ്...ഇവിടെ അട്ത്ത് ഒരെണ്ണമെലി സാധനം താമസിക്കണണ്ട്... അവിടൊന്ന് കേറിയാലോ''

''എന്തിന്?''

''അത്പ്പം ഞാൻ പറയണോ...?''

അലക്സാണ്ടറിന് പെട്ടെന്ന് ഒരുത്തരത്തിൽ എത്താൻ കഴിഞ്ഞില്ല. ഇത്രയും കാലത്തിനിടയിൽ അത്തരം രുചികളൊന്നും അറിഞ്ഞിട്ടില്ല. ഒരു തവണയെങ്കിലും അറിയണമെന്ന് മനസ്സാ വിചാരിച്ചതാണ്. ഞരമ്പുകളപ്പാടെ ദാഹിക്കുന്നുമുണ്ട്. ഒരവസരത്തിനായി കാത്തിരിക്കുകയായിരുന്നു.

പക്ഷേ, ഇപ്പോൾ മറ്റൊരു കാര്യസാധ്യത്തിനു പോകുകയാണ്.

''ആപ്പീസില് ആളെത്താൻ പതിനൊന്നു മണിയെങ്കിലും ആവും. അതിനിനീം സമയണ്ടല്ലോ...''

കഥാകൃത്ത് ധൈര്യപ്പെടുത്തി.

കവിയുടെ നെഞ്ചിടിച്ചു. ഇത്രയും കാലത്തിനിടയിൽ തന്റെ ചാരിത്ര്യശുദ്ധി ആർക്കും കവരാൻ കഴിഞ്ഞിട്ടില്ല.

''ലോകത്തുള്ള സകലമാന കാര്യങ്ങളെക്കുറിച്ചും കവിതയെഴ്തുന്നവർക്കൊരു ധാരണ വേണം. ''

അവർ മരച്ചുവട്ടിൽ നിന്നെഴുന്നേറ്റു.

''അതേയ് ചേടത്ത്യാരെ കണ്ടാൽ തന്നെ കാശു മുതലാവും ട്ടോ...ആകൃതി കണ്ടാൽ അതി രംഭേയം...''

പന്നി നല്ല ആവേശത്തിലാണ്.

കയറ്റത്തിന്റെ തുടക്കത്തിൽ തന്നെയുള്ള വെട്ടുവഴിയിലേക്ക് അവർ തിരിഞ്ഞു. പന്നിയിവിടത്തെ സ്ഥിരം കുറ്റിക്കാരനാകാൻ സാധ്യതയുണ്ട്. വഴിയെല്ലാം കൈവെള്ളയിലെന്ന പോലെ ഹൃദിസ്ഥം.

''തന്റെ കൈയ്യിൽ കാശുണ്ടാവൂലോ...അതിങ്ങട് എട്ക്ക്...''

അലക്സാണ്ടർ ആദ്യം ഒന്നു പകച്ചു. പിന്നെ പോക്കറ്റിലുള്ളതെല്ലാം എടുത്തുകൊടുത്തു. ഏതാനും ദിവസം കഴിയാൻ വേണ്ട വകയാണതെന്നുള്ള വിചാരം അയാളിൽ അപ്പോഴുണ്ടായില്ല. ഞരമ്പിലെ ചോരയോട്ടം അത്രയും വേഗത്തിലായിരുന്നു.

പുല്ലുമേഞ്ഞ വീട്. മരപ്പാളികൾ കൊണ്ട് നിർമിച്ച ചുവരുകൾ. ചാണകം മെഴുകിയ തറ.

മുറ്റത്തങ്ങനെ നിൽക്കുമ്പോൾ പുതിയൊരു ഭൂഖണ്ഡത്തിലേക്ക് പ്രവേശിക്കുകയാണെന്ന തോന്നലിൽ കവിഹൃദയം വിറകൊണ്ടു.

പാപവിചാരം

പുരുഷചോദന

മനസ്സിലെ സംഘർഷം.

* ''*ഇന്നലെ ഞാനൊരു പൂവിൻ മന്ദസ്മിതത്തിൽ*

*കിടന്നുറങ്ങി...*''

പന്നി രാജന്റെ ചുണ്ടിൽ കുസൃതിയുടെ സംഗീതം.

വീടിന്റെ അകത്തളത്തിൽ നിന്ന് ശബ്ദങ്ങളുണ്ടായി. വാതിൽ തുറന്ന് പുറത്തു വന്നപ്പോഴാണ് അലക്സാണ്ടറിന്റെ തല ച്ചോറിൽ ശരിക്കും പ്രകമ്പനങ്ങളുണ്ടായത്.

മഞ്ഞ ബ്ലൗസും സാരിയും. സാരിയുടെ ഒരു വശം ചെരിച്ചുകയറ്റിയിരിക്കുന്നു. കാന്തം പോലെ വലിച്ചെടുക്കുന്ന കണ്ണുകൾ. ഉരുണ്ട കൈകൾ. കൺമഷിയിട്ട പുരികങ്ങൾ. ചോര തുടിക്കുന്ന ചുണ്ടുകൾ. കണ്ണെടുക്കാൻ തോന്നിക്കാത്ത വിധമുള്ള മാന്ത്രികമായ വടിവ്...കവിയുടെ നാവിൽ വെള്ളമൂറി.

***ആകൃതി കണ്ടാൽ അതി രംഭേയം*

*ആരാണിവൾ തൻ അധരം പേയം..*

"കാവ്യമാണ് ആദ്യമുണ്ടായതെങ്കിലും കഥപറച്ചിലുകാർക്കാണ് ഇവിടെ മുൻഗണന..."

അതും പറഞ്ഞ് പി.ആർ വരാന്തയിലേക്ക് കയറി. മഞ്ഞക്കിളി അയാളെയും കൊണ്ട് അകത്തേക്ക് ഗമിച്ചു. അലക്സാ ണ്ടർ സ്തംഭിച്ചുപോയി. എത്രനേരം കാത്തിരിക്കേണ്ടി വരുമെന്നതിനേക്കാൾ ആരെങ്കിലും വഴിതെറ്റി അവിടെയെ ത്തുമോ എന്നതായിരുന്നു ആശങ്ക. താനിപ്പോൾ ശരിക്കും ഒറ്റയാണ്..

വരാന്തയിലെ മരബെഞ്ചിൽ ഇരിപ്പുറക്കാതെ ഇരുന്നു.

അടുത്തെങ്ങും ആൾപ്പാർപ്പില്ല. പേരറിയാത്ത മരങ്ങൾ. കാട്ടുചെടികൾ, പക്ഷികളുടെ ചിലമ്പൊലികൾ. കണ്ണുകൾ വീട്ടു പരിസരങ്ങളെ ഒന്നൊന്നായി നക്കിയെടുത്തു.

അകത്തു നിന്ന് അടക്കിപ്പിടിച്ച സംസാരങ്ങളും ചിരികളും കേൾക്കുന്നുണ്ട്. കുറച്ചുനേരം കൂടെ കഴിഞ്ഞാൽ തന്റെ ഊഴമാണ്. തന്റെ ഊഴം... എവിടെ നിന്ന് തുടങ്ങണം? എങ്ങനെ ചവിട്ടിക്കയറണം? ഇത്രകാലം പിടിച്ചു നിർത്തിയ തൊക്കെ അണപൊട്ടിയൊഴുകുമ്പോൾ സമുദ്രമായി അവൾ സ്വീകരിക്കുമോ?

ഏതാണ്ട് ഒരു മണിക്കൂർ നേരത്തെ കാത്തിരിപ്പിനൊടുവിൽ പന്നി രാജൻ പുറത്തേക്ക് വന്നു. ചുണ്ടിൽ ഒരു രാജ്യം വെട്ടിപ്പിടിച്ചതിന്റെ നിർവൃതി. ആലസ്യം.

"ചെല്ല്...മഞ്ഞക്കോളാമ്പി കാത്തിരിക്കുന്നു. "

വിറയലോടെ അകത്തേക്ക് പോകാനൊരുങ്ങവേ, മുടിക്കെട്ട് മാടിയൊതുക്കി മഞ്ഞപ്പെണ്ണ് പുറത്തേക്കു വന്നു. ഒരുമിച്ച് അകത്തേക്ക് നടന്നു. അപ്പോൾ ശരീരങ്ങൾ പരസ്പരം ഉരുമ്മി. സ്പർശനമേറ്റ് കവിഞരമ്പുകൾ മുറുകി. ചോരയോട്ടം വേഗത്തിലായി.

പുൽപായയിലേക്ക് ആദ്യം വീണത് മഞ്ഞക്കിളിയാണ്. അവൾ മലർന്നു കിടക്കവേ, നെഞ്ചിലെ മലനിരകൾ പുറ ത്തേക്ക് തള്ളി. ഒരു നിമിഷത്തേക്ക് അലക്സാണ്ടർ തിളച്ചു മറിഞ്ഞു.

അപ്പോൾ ചുവരിനപ്പുറത്തു നിന്ന് ഒരു പൂച്ച ശബ്ദമുണ്ടാക്കി. ക്രമേണ അത് പെരുകി വന്നു. പല്ലു മുളക്കാത്ത വായിൽ നിന്നുയരുന്ന കരച്ചിൽ പോലെ അലക്സാണ്ടറിന് അതനുഭവപ്പെട്ടു. പൊടുന്നനെ മുറിയിൽ നിറയെ മുലപ്പാ ലിന്റെ മണമായി. അയാൾക്ക് ശരീരമാകെ വിറയലനുഭവപ്പെട്ടു.

"അമ്മേ.."

അയാൾ ആ സ്ത്രീയുടെ നേരെ കൈകൾ കൂപ്പി കരഞ്ഞു. പിന്നെ മുറിയിൽ നിന്ന് പുറത്തേക്ക് ഇറങ്ങിയോടി. മുറ്റത്ത് ഉലാത്തുകയായിരുന്ന പന്നി രാജൻ ഇതെന്തു കഥയെന്ന് നെറ്റി ചുളിച്ചു.

"ഇയാളെക്കൊണ്ട് അതിനൊന്നും തരമാകില്ല മാഷേ..."

പിറകെ വന്ന മഞ്ഞക്കിളിയുടെ എടുത്തടിച്ചുള്ള സ്വരം അലക്സാണ്ടറെ ഞെട്ടിച്ചു. അയാളാകെ തണുത്തുറഞ്ഞു പോയി.

അപകർഷതയുടെ രക്തം തലങ്ങും വിലങ്ങുമോടി.

“തിരിച്ചുപോകാം…ആപ്പീസു തുറക്കാനുള്ള നേരമായി…”

അലക്സാണ്ടർ മുന്നിൽ നടന്നു. പന്നി ഒന്നും മിണ്ടിയില്ല. പിറകിൽ നിന്ന് കുപ്പിക്കഷണങ്ങൾ നിലത്തുവീണു ചിതറുന്ന മാതിരി പെണ്ണിന്റെ ചിരി കേട്ടു.

“അതേയ്…ഈ പെണ്ണ് ന്ന് പറഞ്ഞാൽ ഒറ്റയടിക്ക് കുടിക്കാന്ള്ള സാധനല്ല..കൊറേശ്ശെ കൊറേശ്ശെയേ ചുണ്ടില് വെക്കാൻ പാടൂ..സാരല്യ..ഇതൊക്കെ വഴിയേ പഠിച്ചോളും…അനുഭവങ്ങളാണല്ലോ ഗുരുക്കൻമാര്..”

പന്നി അലക്സാണ്ടറിനെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു.

“തൊണ്ട നനക്കാൻ വല്ലതും കിട്ടുമോ രാജാ…” അലക്സാണ്ടർ ഒരു നനഞ്ഞ മനുഷ്യനെപ്പോലെ പന്നി രാജനെ നോക്കി

“തൊണ്ട നനഞ്ഞാൽ പോരാ..ആത്മാവും നനയണം…”

“പോകുന്ന വഴിയിൽ തന്നെ ഒരിടമുണ്ട്..നല്ല വാറ്റ് കിട്ടും…”പന്നി രാജൻ നിരുൽസാഹപ്പെടുത്തിയില്ല.

“എന്നാൽ അവിടേക്ക് വച്ചുപിടിക്ക്.. ”

“പക്ഷേ…ഹെൽത്ത് ഇൻസ്പെക്ടറെ കാണണ്ടേ…”

“അയാളെ കാണണമെങ്കിൽ എനിക്ക് ആത്മാവില് ചില ചിറകുകളൊക്കെ വേണ്ടി വരും. ”

പന്നി രാജൻ മുന്നിൽ നടന്നു. കയറ്റത്തിന്റെ മധ്യ ഭാഗത്തായി ഇടത്തോട്ട് ചെരിഞ്ഞ് മറ്റൊരു വെട്ടുവഴി. ഒറ്റ നോട്ടത്തിൽ അതൊരു വഴിയാണെന്ന് മനസ്സിലാകുകയില്ല. പുല്ലുകൾ പടർന്നിരിക്കുന്നു. കുറ്റിച്ചെടികൾ, കാരമുള്ളുകൾ…സൂക്ഷിച്ചു നടന്നില്ലെങ്കിൽ കാലിൽ മുറിവു വീഴും. ചോരയൊലിക്കും.

വൃക്ഷത്തണലുകൾ ഉണ്ടായിരുന്നതിനാൽ വെയിലിന്റെ ചൂടറിഞ്ഞില്ല. കുറേ നടക്കേണ്ടി വന്നു.

ശരിക്കും ഒരു ഭൂഗർഭ അറ പോലുള്ള ഇടം.

വന്യമായ നിശബ്ദത

തണുപ്പ്

“ഇതാണ് ലങ്കോട്ടി അച്യുതന്റെ സാമ്രാജ്യം. ഇവിടെ ആവശ്യക്കാരല്ലാതെ മറ്റാരും വരില്ല. ”

കഥാകൃത്തിന് സ്ഥലം നല്ല പരിചയമുള്ളതായി തോന്നിച്ചു.

മരങ്ങൾക്കിടയിൽ കെട്ടിയ അയലിൽ ഏതാനും ലങ്കോട്ടികൾ ഉണക്കാനിട്ടിരുന്നു.

“ഇതാണ് മൂപ്പരുടെയൊരു പ്രത്യേകത..ലങ്കോട്ടിയല്ലാതെ മൂപ്പര് മറ്റൊന്നും ധരിക്കയില്ല.”

മരക്കൊമ്പുകൾ ചേർത്തുണ്ടാക്കിയ ഇരിപ്പിടത്തിൽ രണ്ടു പേരും

ഇരുന്നു.  രാജകീയ മട്ടിൽ ഓർഡർ ചെയ്തു.

ലങ്കോട്ടി അച്യുതൻ സാധനങ്ങളുമായി വന്നു. തടിച്ചു കുറുകിയ ഉടൽ. നീളൻ മീശ. കുഴിഞ്ഞ കണ്ണുകൾ.

രണ്ടെണ്ണം വിട്ടപ്പോഴാണ് അലക്സാണ്ടറിന് ബോധം വന്നത്.

“അതേയ്..തന്റെ കെയ്യില് വല്ലതും ണ്ടാവ്വോ…?”

“എന്ത്?”

''കാശ്''

''ഇവിടെ കടം കൊടുക്കണ ഏർപ്പാടൊന്നുമില്ല..''

''എന്നാൽ എഴുന്നേൽക്ക്..''

''എന്തേയ്…?''

''ഒന്നൂല്യ…എഴുന്നേറ്റ് ഓടിക്കൂട്…എന്റെ പോക്കറ്റ് കാലിയാണ്…''

ലഹരിക്കും കീഴടക്കാൻ കഴിയാത്ത കാലുകൾ. മരങ്ങൾക്കിടയിലൂടെ വള്ളിപ്പടർപ്പുകൾ പിന്നിട്ട് കാരമുള്ളുകൾ ചാടിക്കടന്ന് ഓടെടാ ഓട്ടം. ലങ്കോട്ടി അച്യുതന്റെ കല്ലുകൾ പിറകിൽ നിന്ന് വരുന്നത് അവസാനിച്ചെന്നു തോന്നിയപ്പോൾ അവർ ഇരുന്നു.

ഇരുന്നതേ ഓർമയുള്ളൂ. ഉറങ്ങിപ്പോയി.

എത്രനേരം ആ കിടപ്പു തുടർന്നെന്ന് അവർക്കോർമയില്ല.

പന്നി രാജനാണ് ആദ്യം ഉണർന്നത്.

നോക്കുമ്പോൾ ഒരു നായ വന്ന് അലക്സാണ്ടറിനെ നക്കിത്തോർത്തുന്നു. അവൻ ഇതൊന്നും അറിയുന്നില്ല. നല്ല ഉറക്കത്തിലാണ്. മൂക്കു പൊട്ടുന്ന നാറ്റം കേട്ടാണ് ചുറ്റുപാടും നോക്കിയത്.

കവി കിടക്കുന്നത് ഏതോ ജന്തുവിന്റെ ചീഞ്ഞ ഉടലിനു മുകളിലാണ്.

എഴുന്നേൽക്കാൻ ശ്രമിച്ചു. കഴിഞ്ഞില്ല.

ശരീരം മണ്ണിലൊട്ടിയ പോലെ. ഒച്ചയിടാൻ നോക്കി. ശബ്ദം പുറത്തു വന്നില്ല.

നായ പോയി.

ഇഴഞ്ഞ് ഇഴഞ്ഞ് അലക്സാണ്ടറിന്റെ അരികിലേക്ക് നീങ്ങി. ശരീരത്തിൽ തൊട്ടുഴിഞ്ഞു. അനക്കമില്ല. മേലാകെ തണുപ്പ്.

ഷർട്ടിന്റെ പോക്കറ്റിൽ നിന്ന് പുറത്തേക്ക് തെറിച്ചുന്തിയ കടലാസ് അപ്പോഴാണ് ശ്രദ്ധയിൽ പെട്ടത്. ആരോഗ്യ വകുപ്പിന്റെ മുദ്രയുള്ള കടലാസ്. പിഴസംഖ്യ. അതിലെ പൂജ്യങ്ങൾ കണ്ട് പന്നി രാജന് തമാശ തോന്നി. ഓട്ടക്കീശ പിന്നെയും തുരക്കാൻ നോക്കുന്ന തെണ്ടികൾ…

*നായകൾ നക്കുന്നല്ലോ*

*നമ്മൾ തൻ ജീവിതം*

കടലാസിന്റെ മറുപുറത്തു കുറിച്ചു വച്ച വരികൾ പുഴുക്കളെ പോലെ പുളഞ്ഞു കളിച്ചു. രാജൻ പതുക്കെ തല പൊന്തിക്കാൻ ശ്രമിച്ചു. അപ്പോൾ ലങ്കോട്ടി മാത്രം ധരിച്ച ഒരാൾ ദൂരെനിന്നു നടന്നു വരുന്നത് കണ്ടു.

*നായകൾ നക്കുന്നല്ലോ നമ്മൾ തൻ ജീവിതം…*

നാവ് പൊക്കിയെങ്കിലും ശബ്ദം മാത്രം പുറത്തുവന്നില്ല.

-----------------------------------------

**ചങ്ങമ്പുഴയുടെ വരികൾ*

*** നളചരിതത്തിലെ വരികൾ*